# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 11.10.2023 മുതൽ 15.10.2023വരെ)

# കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എസ്.ഡി.-81/2023 | തീയ്യതി: 10/10/2023 |
|---|---|

## എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.0 | 30.5 – 32.2 | 24.0 – 25.5 | 75– 92 | 01 - 03 |

## ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്


| സൂചിക | 11-10-2023 | 12-10-2023 | 13-10-2023 | 14-10-2023 | 15-10-2023 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 8 | 2 | 2 | 0.1 | 0.1 |
| കൂടിയതാപനില, °C | 34 | 33 | 34 | 34 | 34 |
| കുറഞ്ഞതാപനില, °C | 27 | 28 | 28 | 28 | 28 |
| കൂടിയആപേക്ഷികആർദ്രത, % | 96 | 93 | 92 | 90 | 90 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 70 | 75 | 72 | 70 | 70 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 230 | 200 | 200 | 250 | 250 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 6 | 7 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ**** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും<br>ഒക്ടോബർ10നും,14നും ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലുമണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലിവരെ) ലഭിക്കും. | | |

| | | | |
|---|---|---|---|
| **<u>പൊതുനിർദ്ദേശങ്ങൾ</u>** | തെങ്ങ്,  ഇഞ്ചി , വാഴ എന്നീ വിളകൾക്ക്  ചീച്ചൽ, വാട്ടം എന്നീ രോഗങ്ങൾ പടരുന്ന സാഹചര്യമാണ്. വ്യത്യസ്ത വിളകൾക്ക് താഴെ പറഞ്ഞത് പ്രകാരമുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ പൂർണമായും നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>വാഴ  പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക. | | |
| നെല്ല് | രണ്ടാം വിള<br>പറിച്ചു നടുന്ന ഘട്ടം | ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി)20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ(ൽ  അര  മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും.<br>മഴയില്ലാത്ത നേരത്തു  വെള്ളം താഴ്ത്തി, പാടവരമ്പിലെ ജല നിർഗമന നാളികൾ അടച്ചതിനു ശേഷം, വളം ചെയ്യുക.<br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം ചേർത്ത് കൊടുക്കണം. | |
| ശീത കാല പച്ചക്കറികൾ | നിലം നന്നായി ഉഴുതെടുക്കുക. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. ഇത് മണ്ണിലെ അമ്ലത്വം ലഘൂകരിക്കുന്നതിനു പുറമെ മണ്ണ് ജന്യ രോഗങ്ങളെയും കീടങ്ങളെയും നിയന്ത്രിക്കുന്നതിന് സഹായകരമാകും. | | |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള  തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും  ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ  ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്  500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | മഞ്ഞളിപ്പ്<br> | തെങ്ങൊന്നിന് 1 കിലോ കുമ്മായം + 1 കിലോ ഡോളോമൈറ്റ് ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കട ചീയൽ<br> | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 0.015% (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. |

| | | | |
|---|---|---|---|
| ഇഞ്ചി, | വിവിധ ഘട്ടം | ഇല വാട്ടം  | കാർബെണ്ടാസിം (2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| കോഴി | വിവിധ ഘട്ടം | ന്യൂകാസിൽ രോഗം  | ന്യൂകാസിൽ രോഗം അല്ലെങ്കിൽ റാണിഖേത് രോഗം ഒരു പാരാ-മൈക്സോ വൈറസ് മൂലമുണ്ടാകുന്ന പക്ഷികളിൽ മാത്രം കണ്ടുവരുന്ന പകർച്ചവ്യാധിയാണ്. ഈ അണുബാധയുടെ ഫലമായി ശ്വാസംമുട്ടലും ചുമയും, ചിറകുകൾ തൂങ്ങിക്കിടക്കുന്നതും, കാലുകൾ വലിച്ചുനടക്കുന്നതും, തലയും കഴുത്തും വളച്ചൊടിക്കുക, വട്ടത്തിൽ നടക്കുക, വിശപ്പില്ലായ്മ, പൂർണ്ണമായ തളർവാതം. **പ്രതിരോധം**: പക്ഷികൾക്കും കോഴിക്കൂടുകൾക്കും പൂർണ്ണമായ ശുചിത്വം ഉറപ്പാക്കുക. ഇൻട്രാനാസലിയോ ഇൻട്രാക്യുലർ ആയോ കുടിവെള്ളത്തിൽ നൽകുന്ന ലൈവ് ബി1, ലാസോട്ട എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത് (ഉടൻനടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോർക്കുക)** | **നിസ്സാരം (നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി